# മുല്ലാ കഥകൾ

## വി. എം. മോഹനൻ

നാസറുദ്ദീൻ മുല്ലയെപ്പറ്റി നിരവധി ഐതിഹ്യങ്ങളാണുള്ളത്. ആകർഷകങ്ങളായ കൊച്ചുകൊച്ചു കഥകൾ പറഞ്ഞ് അനേകായിരങ്ങളെ വിസ്മയിപ്പിച്ച നാസ്റുദ്ദീൻ മുല്ലാക്കഥകളിലെ ചൈതന്യവും നർമ്മവും ചോർന്നു പോകാതെയുള്ള പുനരാഖ്യാനം. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വായിക്കാനും, ചിരിക്കാനും, ചിന്തിക്കാനുമുതകുന്ന പുസ്തകം. കുറേക്കൂടി കഥകൾ ഉൾപ്പെടുത്തിയ പരിഷ്കരിച്ച പതിപ്പ്.

കവർ ഡിസൈൻ: അരുൺ ഗോകുൽ

ഡിസി ബുക്സ്
www.dcbooks.com

നർമ്മകഥകൾ

ISBN 978-81-264-6740-2
9 788126 467402 00001

E-book available

₹ 150

വി. എം. മോഹനൻ • മുല്ലാക്കഥകൾ

ഡിസി ബുക്സ്



# മുല്ലാ കഥകൾ

## വി. എം. മോഹനൻ

8M7 MOH/M
CASMTVK
1260

dcb

1260

8M7 MOH/M
CASMTVK
1260

LIBRARY
College Of Avian Sciences & Management
KVASU Thiruvazhamkunnu 678 601

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No.............................. Call No. 1260

This book should be returned on or before the date last given below.

| | | |
|---|---|---|
| TA17<br>9/9/23 | | |

വി.എം. മോഹനൻ

1955 ഒക്ടോബർ 25-ന് തൃശ്ശൂർ ജില്ലയിൽ വെള്ളറക്കാട്ട് ജനിച്ചു. 13-ാം വയസ്സിൽ മാതാപിതാക്കളോടൊപ്പം കൽക്കത്തയിലെത്തി. ഹിന്ദുസ്ഥാൻ കോപ്പറിൽ ഉദ്യോഗസ്ഥൻ. ആനുകാലികങ്ങളിൽ എഴുതാറുണ്ട്.

വി.എം. മോഹനന്റെ ഞങ്ങൾ പ്രസിദ്ധീകരിച്ച കൃതികൾ

പരമഹംസർക്കഥകൾ
മുല്ലാക്കഥകൾ

വി.എം. മോഹനൻ

# മുല്ലാക്കഥകൾ

ഡി സി ബുക്സ്

MALAYALAM LANGUAGE
Mullakadhakal

JOKES
*by* V.M. Mohanan

Rights Reserved
First Published August 2016

ILLUSTRATIONS
M. Somu

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
DC Books-Current Books

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Mohanan, V.M.
Mullakkathakal/ V.M. Mohanan
168p; 21cm.
ISBN 978-81-264-6740-2
1. Folktales. I. Title.
398.22-dc 22

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-6740-2

Printed in India
at D C Press, Kottayam, INDIA.

D C BOOKS - THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 150.00

344/16-17-Sl.No. 15596-dcb 6426- 2000-3758-08-16-Itc. 17.0-p tj-r vu-d bs/sm (t)

# അവതാരിക

ധിഷണാശാലികളും പ്രത്യുത്പന്നമതികളും ചാതുര്യത്തോടെ പറഞ്ഞുവെച്ച കൊച്ചുകൊച്ചു കഥകളും ദൃഷ്ടാന്തകഥകളും അവരുടെ മഹദ്വചനങ്ങളും അവരെ ചുറ്റിപ്പറ്റി സമൂഹം കെട്ടിച്ചമച്ച ഐതിഹ്യങ്ങളും ഏതു രാജ്യത്തിന്റെ നാടോടിവിജ്ഞാനഭണ്ഡാരം പരിശോധിച്ചാലും കാണും. 'ജ്ഞാനസാഹിത്യം' അഥവാ 'വിസ്ഡം ലിറ്ററേച്ചർ' എന്നുകൂടി വിശേഷിപ്പിക്കാവുന്ന ഇത്തരം സരസകഥകളും ഉക്തികളും നിർവ്വഹിക്കുന്ന ധർമ്മങ്ങളിൽ സദാചാരബോധനവും സാമൂഹ്യ വിമർശനവും ഉൾപ്പെടുന്നു. അസംഭാവ്യവും യാഥാർത്ഥ്യത്തിനോ യുക്തിക്കോ നിരക്കാത്തതും ആയിരിക്കും ഇത്തരം കഥകൾ. എന്നാൽ അവ സാരവത്തായിരിക്കും. വിസ്മയാവഹമായി പറഞ്ഞൊപ്പിക്കുമ്പോൾ, അവ നമ്മുടെ ശ്രദ്ധ പിടിച്ചുപറ്റും. അവ നമ്മെ രസിപ്പിക്കുകയും ചെയ്യും. കേട്ടതിൽ കൂടുതൽ എന്തോ–ഫലിതത്തിന്റെയും രസത്തിന്റെയും പുറംതോടുകൾ പൊളിച്ചുനീക്കിയാൽ–കഥകളിലുണ്ടോ എന്നാരായാൻ നാം നിർബ്ബന്ധിതരാകുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ശ്രോതാവ് ചിന്തിക്കാൻ പ്രേരിതനാവുന്നു. ഗ്രീക്ക് കഥാസാഹിത്യത്തിന്റെ പ്രാരംഭഘട്ടത്തിൽ വാർന്നുവീണ 'ഈസോപ്പ് കഥകളി'ലും, ഭാരതത്തിന്റെ തനതായ 'പഞ്ചതന്ത്രകഥ'കളിലും ആരംഭിക്കുന്ന ജ്ഞാനസാഹിത്യ ശൃംഖലയിലെ ആധുനിക കണ്ണികളായി പ്രത്യക്ഷപ്പെടുന്ന ബീർബലും തെനാലി രാമനും നമുക്കു സുപരിചിതരാണ്. എന്നാൽ, അറബിദുനിയാവിലെ ഫലിതസമ്രാട്ടും ജ്ഞാനിയുമായ നാസറുദ്ദീൻ മുല്ല (നസർ–ഉദ്–ദീൻ) ഭാരതീയഭാഷകളിൽ കടന്നുകൂടിയത് സമീപകാലത്താണ്. 'ഹോജാക്കഥകൾ' എന്ന പേരിലും അറിയപ്പെടുന്ന നാസറുദ്ദീൻ കഥകൾ മലയാളഭാഷയിൽ വ്യാപകമായി പുനരാഖ്യാനം ചെയ്തു പ്രചരിപ്പിച്ചത് എന്റെ യുവസുഹൃത്തും എഴുത്തുകാരനും ആയ വി.എം. മോഹനനാണ്. മോഹനൻ പുനരാഖ്യാനം ചെയ്ത കഥകളുടെ സങ്കലനമാണ് ഈ പുസ്തകം.

ആരാണീ മുല്ല? തിമൂറിന്റെ സമകാലീനനായ ഒരു തുർക്കിയാണ് നാസറുദ്ദീൻ എന്നു തുർക്കികൾ അവകാശപ്പെടുന്നു. തുർക്കിയിൽ മുല്ലയുടെ ശവകുടീരംതന്നെയുണ്ട്. സരസനും രസസ്രഷ്ടാവുമായ മുല്ലയുടെ ജന്മസ്ഥലമെന്നു കരുതിവരുന്ന പ്രദേശത്ത് സഘോഷം വാർഷി